# NATIONAL BULLETIN

**DATE: 08.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന്റെ അൻഡമാൻ നിക്കോബാർ സന്ദർശനത്തിനു തുടക്കമായി; 'ഹർ ഘർ തിരംഗ' യജ്ഞത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി നാളെ ശ്രീവിജയപുരത്ത് ദേശീയ പതാക ഉയർത്തും.

   **Vice President C. P. Radhakrishnan begins his visit to the Andaman and Nicobar Islands; he will hoist the National Flag at Sri Vijaya Puram tomorrow as part of the 'Har Ghar Tiranga' campaign.**

2. 'വികസിത ഭാരത'ത്തിലേക്കുള്ള പ്രയാണത്തിൽ ബിരുദ വിദ്യാർഥികൾ നിർണായക സ്വാധീനം ചെലുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says undergraduate students will have a crucial role to play in India's journey towards a 'Viksit Bharat'.**

3. സാംസ്കാരിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഭോപ്പാൽ പ്രഖ്യാപനം അംഗീകരിച്ച് ബ്രിക്സ് അംഗരാജ്യങ്ങൾ; ബ്രിക്സ് സാംസ്കാരിക മന്ത്രിമാരുടെ യോഗം സമാപിച്ചു.

   **BRICS member countries adopt the Bhopal Declaration to strengthen cultural cooperation; meeting of BRICS Culture Ministers concludes.**

4. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 'സ്നേഹസാന്ത്വനം' പദ്ധതിയുടെ

തുടർപ്രവർത്തനങ്ങൾക്ക് 14.40 കോടി രൂപയുടെ ഭരണാനുമതി നൽകി കേരള സർ ക്കാർ.

**Kerala Government grants administrative sanction of 14.40 crore rupees for continuation of the 'Snehasanthwanam' scheme for Endosulfan victims.**

5. വ്യക്തിഗത ബാങ്ക് അക്കൗണ്ടുകൾ നിയമവിരു ദ്ധ ഇടപാടുകൾക്കായി സൈബർ കു റ്റവാളികൾ ഉപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് കേരള പോലീസിന്റെ മുന്നറിയിപ്പ്.

**Kerala Police cautions individuals to ensure that their personal bank accounts are not used by cyber criminals for illegal transactions.**

6. കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം അഷ്മിത ചാലിഹ ഫൈനലിൽ.

**Indian shuttler Ashmita Chaliha enters the final of the women's singles at the Korea Masters Super 300 badminton tournament.**

**&&&&&&&&&&&&&&&&&&**

## VP-ANDAMAN

രണ്ടു ദിവസത്തെ ആൻഡമാൻ നിക്കോബാർ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ശ്രീവിജയപുരത്തെത്തി. ദ്വീപിൽ അദ്ദേഹത്തിന് ഔദ്യോഗിക സ്വീകരണവും ഗാർഡ് ഓഫ് ഓണറും നൽകി. 'ഹർ ഘർ തിരംഗ' യജ്ഞത്തിന്റെ ഭാഗമായി നാളെ അദ്ദേഹം ശ്രീവിജയപുരത്തെ ഫ്ലാഗ് പോയിന്റിൽ ദേശീയ പതാക ഉയർത്തും.

**&&&&&&&&&&&&&&&&&&**

## PM VIKASIT BHARATH (INTRO)

തീരുമാനങ്ങൾ എടുക്കുമ്പോൾ ദേശീയ താല്പര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകണമെന്ന് യുവജനങ്ങളോട് ആഹ്വാനം ചെയ്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐഐടി ഡൽഹിയുടെ 57-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബിരുദ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ അടുത്ത 35 വർഷത്തിനുള്ളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ 'വികസിത ഭാരത'ത്തിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

**BRICS-BHOPAL**

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയിൽ 11-ാമത് ബ്രിക്സ് സാംസ്കാരിക മന്ത്രിമാരുടെ യോഗം ഭോപ്പാലിൽ സമാപിച്ചു. ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ സാംസ്കാരിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഭോപ്പാൽ പ്രഖ്യാപനം യോഗം അംഗീകരിച്ചു. "പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായുള്ള നിർമ്മിതി" എന്ന ഇന്ത്യയുടെ ബ്രിക്സ് പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ചർച്ചകൾ നടന്നത്.

&&&&&&&&&&&&&&&&&&

**AMIT SHAH- INTRO**

രാജ്യത്തെ സഹകരണ ബാങ്കുകളുടെ മാതൃസ്ഥാപനമായ ദേശീയ നഗര സഹകരണ ധനകാര്യ - വികസന കോർപ്പറേഷൻ NUCFDC യിൽ ചേരാൻ എല്ലാ സഹകരണ ബാങ്കുകളോടും കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ അഭ്യർത്ഥിച്ചു. മുംബൈയിൽ NUCFDC യുടെ പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൃദ്ധമായ രാജ്യം കെട്ടിപ്പടുക്കുന്നതിൽ ജനങ്ങളുടെ അഭിവൃദ്ധി പ്രധാന പങ്ക് വഹിക്കുന്നതായി ശ്രീ അമിത് ഷാ അറിയിച്ചു. ഇതിനായി

മൂലധന വിപണി മാത്രം മതിയാകില്ലെന്നും സ്വയംതൊഴിലിന്റെ സമാന്തര സംവിധാനം വികസിപ്പിച്ചെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

## SONOWAL - PORT SECURITY CONFERENCE

ഇന്ത്യൻ സമുദ്രമേഖലയുടെ വളർച്ചയിൽ നാവികർ പ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്രമന്ത്രി സർബാനന്ദ സോണോവാൾ. മുംബൈയിൽ 'നാവികരുടെ സുരക്ഷയും ക്ഷേമവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ നാവികന്റെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ 'ഇ-സമുദ്ര' ഡിജിറ്റൽ പ്ലാറ്റ്ഫോമും ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

## JP NADDA-CEO CONFERENCE

ന്യൂഡൽഹിയിൽ നടന്ന ഇന്ത്യാ മെഡിക്കൽ ഡിവൈസ് കോൺഫറൻസ് 2026-ൽ, സി.ഇ.ഒ-മാരുടെ വട്ടമേശ സമ്മേളനത്തിൽ കേന്ദ്രമന്ത്രി ജെ പി നഡ്ഡ അധ്യക്ഷനായി. ഗുണമേന്മയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ ആഗോള ഹബ്ബായി ഇന്ത്യയെ ഉയർത്തുന്നതിന്, ആഭ്യന്തര ഉൽപ്പാദനം, മൂല്യശൃംഖലകൾ, കയറ്റുമതി എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്രമായ സമീപനത്തിൽ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിച്ചതായി ശ്രീ നഡ്ഡ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SNEHASANTHWANAM

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കുന്ന സമഗ്ര പാക്കേജായ 'സ്നേഹസാന്ത്വനം' പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 14.40 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. സംസ്ഥാന ബജറ്റിലെ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ് വഴിയാണ് തുക അനുവദിച്ചത്.

&&&&&&&&&&&&&&&&&&

## KERALAM-MULE A/C WARNING

വ്യക്തിഗത ബാങ്ക് അക്കൗണ്ടുകൾ നിയമവിരുദ്ധ ഇടപാടുകൾക്കായി സൈബർ കുറ്റവാളികൾ ഉപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് കേരള പോലീസിന്റെ മുന്നറിയിപ്പ്. എളുപ്പത്തിൽ പണം സമ്പാദിക്കാമെന്നും കമ്മീഷൻ തരാമെന്നും വാഗ്ദാനം ചെയ്താണ് തട്ടിപ്പുകാർ ഇത്തരത്തിൽ വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരുടെ ബാങ്ക് അക്കൗണ്ടുകൾ കൈവശപ്പെടുത്തുന്നത്. 'മ്യൂൾ അക്കൗണ്ടുകൾ' ആയി ഉപയോഗിക്കാൻ സ്വന്തം അക്കൗണ്ട് നൽകരുതെന്നും അതിനായി ആരെങ്കിലും സമീപിച്ചാൽ സൈബർ ക്രൈം ഹെൽപ്പ് ലൈനായ 1930 എന്ന നമ്പറിൽ വിവരമറിയിക്കണമെന്നും പോലീസ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## KERALA CM+US AMBASSADOR

മുഖ്യമന്ത്രി വി.ഡി. സതീശനും ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി സെർജിയോ ഗോറും കൊച്ചിയിൽ കൂടിക്കാഴ്ച നടത്തി. ഉന്നതവിദ്യാഭ്യാസം, വിനോദസഞ്ചാരം, തീരദേശ-തുറമുഖ വികസനം തുടങ്ങിയ മേഖലകളിൽ കേരളവും

അമേരിക്കയും തമ്മിലുള്ള പരസ്പര സഹകരണം ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്യു.

&&&&&&&&&&&&&&&&&&&&&&

## RAIN KERALA- INTRO

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കൻ ഒഡിഷക്കും മുകളിലായി ന്യൂനമർദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇതിൻ്റെ സ്വാധീനഫലമായി കേരളത്തിൽ ഇന്നും നാളെയും വിവിധയിടങ്ങളിൽ കനത്ത മഴയ്ക്കും കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

## RAIN KERALA- VOICE

ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു. മലയോര മേഖലകളിൽ രാത്രികാല യാത്ര ഒഴിവാക്കണമെന്നും അതീവ ജാഗ്രത പുലർത്തണമെന്നും ജില്ലാ ഭരണകൂടം അറിയിച്ചു. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാണ്.

സഹായങ്ങൾക്കായി 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാം.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## ODISHA-FLOOD

ഒഡിഷയിൽ പ്രളയഭീഷണി രൂക്ഷമാകുന്നു. വൈതരണി, സാലന്ദി നദികളിലെ ജലനിരപ്പുയർന്നതിനെത്തുടർന്ന് ഭദ്രക് ഉൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ ആശങ്ക വർധിച്ചു. നിരവധി ഗ്രാമങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്.

&&&&&&&&&&&&&&&&&&

## CJI MP-INTRO

സംവാദങ്ങളിലൂടെയാണ് നീതി ലഭ്യമാകുന്ന പ്രക്രിയ ആരംഭിക്കുന്നതെന്നും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കനുസരിച്ചുള്ള പരിഹാരങ്ങൾ നൽകണമെന്നും സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യ കാന്ത്. "നീതി ലഭ്യത മെച്ചപ്പെടുത്തൽ" എന്ന വിഷയത്തിൽ ഇന്ദോറിൽ സംഘടിപ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

&&&&&&&&&&&&&&&&&&

## BADMINTON - FINAL

ദക്ഷിണ കൊറിയയിലെ അസാനിൽ നടക്കുന്ന കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ

ഇന്ത്യൻ താരം അശ്മിത ചാലിഹ ഫൈനലിൽ. നാളെ നടക്കുന്ന ഫൈനലിൽ അശ്മിത ചൈനയുടെ ക്യു ഹാനെ നേരിടും.

**&&&&&&&&&&&&&&&&&&**

## MANDAVIYA-CHESS

Saint Louis Rapid and Blitz കിരീടം നേടിയ ഇന്ത്യൻ ചെസ് താരം ആർ പ്രഗ്നാനന്ദയെ അഭിനന്ദിച്ച് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. പ്രഗ്നാനന്ദയുടെ മികച്ച പ്രകടനം രാജ്യത്തിന് അഭിമാനകരമാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&&&**

## IAF - INDEPENDENCE DAY

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ വ്യോമസേനയുടെ ബാൻഡ് നാളെ ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിൽ സംഗീതപരിപാടി അവതരിപ്പിക്കും. ദേശീയ ഗാനമായ 'വന്ദേമാതര'ത്തിന്റെ 150-ാം വാർഷിക ആഘോഷവും ഇതോടൊപ്പം നടക്കും.

**&&&&&&&&&&&&&&&&&&**

## KERALAM-I DAY-BAND

ദക്ഷിണ വ്യോമസേനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഈ മാസം 12, 13 തീയതികളിൽ ബാൻഡ് പ്രകടനം സംഘടിപ്പിക്കും. സംഗീതത്തിലൂടെ ദേശാഭിമാനവും ഐക്യബോധവും വളർത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

**&&&&&&&&&&&&&&&&&&**

## TRIPURA-HAR GHAR TIRANGA

ത്രിപുരയിൽ 'ഹർ ഘർ തിരംഗ' യജ്ഞത്തിനു നാളെ തുടക്കമാകും. വീടുകളിലും സ്ഥാപനങ്ങളിലും ദേശീയ പതാക ഉയർത്തി യജ്ഞം വിജയമാക്കണമെന്ന് ത്രിപുര മുഖ്യമന്ത്രി മാണിക് സാഹ ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

## KARKIDAKA VAVU

കർക്കടകവാവ് ബലിതർപ്പണത്തിന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ബുധനാഴ്ചയാണ് ചടങ്ങുകൾ. തിരുവനന്തപുരം - തിരുവല്ലം പരശുരാമക്ഷേത്രം, എറണാകുളം - ആലുവ മണപ്പുറം, വയനാട് - തിരുനെല്ലി മഹാവിഷ്ണുക്ഷേത്രം, മലപ്പുറം - തിരുനാവായ ശ്രീ നാവാ മുകുന്ദ ക്ഷേത്രം, തിരുവനന്തപുരം - വർക്കല പാപനാശം കടൽത്തീരം, കണ്ണൂർ - പയ്യാമ്പലം ബീച്ച് എന്നിവിടങ്ങളാണ് സംസ്ഥാനത്തെ പ്രധാനപ്പെട്ട ബലിതർപ്പണ കേന്ദ്രങ്ങൾ.

&&&&&&&&&&&&&&&&&&

## PIB FACT CHECK

'ഡാക് സേവ ഗിഫ്റ്റ്സ്' എന്ന പേരിൽ ഇന്ത്യ പോസ്റ്റ് സമ്മാനങ്ങൾ നൽകുന്നുണ്ടെന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇത്തരം സമ്മാനപദ്ധതികളുമായി ഇന്ത്യ പോസ്റ്റിന് ബന്ധമില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&